പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ : 4412

28.06.2012- ലെ
മറുപടിക്ക്

# കയർ സംഭരണവും വിപണനവും

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.വി. പി. സജീന്ദ്രൻ<br>,, പി. സി. വിഷ്ണുനാഥ്<br>,, ലൂഡി ലൂയിസ്<br>,, വി. റ്റി. ബൽറാം | ശ്രീ. അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പ് മന്ത്രി) |
| (എ)കയർ സംഭരണം സുഗമമാക്കാൻ എന്തെല്ലാം കർമ്മ പരിപാടികളാണ് ആസൂത്രണം ചെയ്തിരിക്കുന്നത്; വ്യക്തമാക്കുമോ ; | (എ) കയർ സംഭരണം നടത്തുന്നത് പ്രധാനമായും കയർഫെഡാണ്. ഇത് സുഗമമാക്കാൻ ഈ വർഷം 3 കോടി കയർഫെഡിന് പ്രവർത്തന മൂലധനഗ്രാന്റായി നൽകിയിട്ടു ണ്ട്. പ്രാദേശിക ഗോഡൗണുകൾ തുടങ്ങാൻ കയർഫെഡ് നടപടി സ്വീകരിച്ചിട്ടു ണ്ട്. |
| (ബി)അംഗങ്ങളായിട്ടുള്ള സംഘങ്ങൾ ഉല്പാദിപ്പിച്ച കയർ വാങ്ങുന്നതിനും കയറിന്റെ വില അപ്പോൾതന്നെ സംഘങ്ങൾക്ക് നൽകുന്നതിനുമായി എന്തെല്ലാം സാമ്പത്തിക സഹായമാണ് കയർ ഫെഡിന് നൽകിയിട്ടുള്ളത് ; | (ബി) കയർഫെഡ് കയർ വാങ്ങി സംഘങ്ങൾക്ക് കയറിന്റെ വില കയർഫെഡ് തന്നെ അപ്പപ്പോൾ നൽകേ ണ്ടതാണ്. എന്നാൽ ചില അത്യാവശ്യഘട്ടങ്ങളിൽ സഹായം നൽകുന്നു ണ്ട്. ഇതിനായി ഈ സാമ്പത്തിക വർഷം 3 കോടി രൂപ കയർഫെഡിന് പ്രവർത്തന മൂലധനഗ്രാന്റായി നൽകിയിട്ടു ണ്ട് |
| (സി)സംഘങ്ങൾ വാങ്ങുന്ന കയറിന്റെ വിലയും കയർഫെഡ് വിൽക്കുന്ന കയറിന്റെ വിലയും നിശ്ചയിക്കുന്നതിനുള്ള അധികാരം ആർക്കാണ് നൽകിയിട്ടുള്ളത്; വിശദമാക്കുമോ ; | (സി) കയറിന്റെ വാങ്ങൽ വിലയും വില്പന വിലയും നിശ്ചയിക്കുന്നതിനായി കയർ വികസന അഡീഷണൽ ഡയറക്ടറുടെ നേതൃത്വത്തിൽ ഒരു വിലനിർണ്ണയ കമ്മീഷനെ നിയമിച്ചിട്ടു ണ്ട് ഈ കമ്മീഷൻ റിപ്പോർട്ട് സമർപ്പിക്കുന്നതുവരെ താല്ക്കാലികമായി വില നിശ്ചയിക്കുന്നതിന് ഒരു അഡ്ഹോക്ക് കമ്മിറ്റിയെ |

| | |
|---|---|
| | ചുമതലപ്പെടുത്തിയിട്ടു ണ്ട്. 10.05.12ൽ ഈ അഡ്ഹോക്ക് കമ്മിറ്റി യോഗം ചേർന്ന് താല്ക്കാലികമായി കയറിന്റെ വാങ്ങൽ വിലയും വില്പന വിലയും നിശ്ചയിച്ചിട്ടു ണ്ട്. |
| (ഡി)വിലകൾ തമ്മിലുള്ള അന്തരം പരിഹരിക്കുന്നതിനായി എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട് ? | (ഡി) വിലകൾ തമ്മിലുള്ള അന്തരം പരിഹരിക്കുന്നതിനായി പ്രൈസ് ഫ്ളക്ച്ചുവേഷൻഫണ്ട് പദ്ധതി നടപ്പിലാക്കി വരുന്നു. കയറിന്റെ വാങ്ങൽ വിലയും വില്പന വിലയും നിശ്ചയിക്കുന്നതിനു രൂപീകരിച്ചിട്ടുള്ള കമ്മീഷൻ, ഈ പരമ്പരാഗത മേഖലയുടെ പ്രത്യേകതകൾ കണക്കിലെടുത്തുകൊണ്ട്, ശാസ്ത്രീയമായ രീതിയിൽ വിലനിർണ്ണയം നടത്തുമെന്നു പ്രതീക്ഷിക്കുന്നു. വില നിർണ്ണയത്തെ നിയന്ത്രിക്കുന്ന ഘടകങ്ങൾ കൂടി പരിഗണിച്ചു നടത്തുന്ന കമ്മീഷന്റെ പഠനത്തിൽ നിന്നും വിലകൾ തമ്മിലുള്ള അന്തരം പരിഹരിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ കൂടി ഉണ്ടാകും എന്നു പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ